**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652** — **23-02-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി താരിഫ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹിക ഉപയോക്താക്കൾക്കും ഗാർഹികേതര ഉപയോക്താക്കൾക്കുമുള്ള വൈദ്യുതി താരിഫ് ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള അധികാരം, വൈദ്യുതി നിയമം 2003 ലെ 42, 65, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. നിലവിൽ 08.07.2019-ൽ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് ഉത്തരവു പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. ഗാർഹിക ഗാർഹികേതര വിഭാഗങ്ങൾക്കുള്ള നിലവിലുള്ള നിരക്ക് പ്രതിപാദിക്കുന്ന സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഷെഡ്യൂൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | വാർഷിക വരുമാനം കുറവുള്ള ഉപയോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിലും കണക്ഷൻ ചാർജ്ജിനത്തിലും എന്തെല്ലാം ഇളവുകളാണ് നൽകിവരുന്നത്; ഈ ആനുകൂല്യത്തിനുള്ള അർഹത കണക്കാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ; | (ബി) | നിലവിലുള്ള താരിഫ് ഉത്തരവു പ്രകാരം, പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളതും, 1000 വാട്ട്സിൽ താഴെ കണക്ടഡ് ലോഡുള്ളതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതുമായ ഉപഭോക്താക്കൾക്ക് 1.50 രൂപ നിരക്കിൽ നൽകിവരുന്ന വൈദ്യുതി, കണക്ടഡ് ലോഡ് വ്യത്യാസമില്ലാതെ പ്രതിമാസ ഉപഭോഗം 50 യൂണിറ്റ് വരെയുള്ളവർക്ക് ഗവൺമെന്റ് സബ്സിഡി മുഖേന യൂണിറ്റൊന്നിന് 1.50 രൂപ നിരക്കിൽ തന്നെ 30.12.2021 മുതൽ നൽകുന്നുണ്ട്. ഇതുമൂലം 22300 ഗാർഹിക ഉപഭോക്താക്കൾക്ക് ഇളവുകൾ ലഭിക്കുമെന്നാണ് കരുതുന്നത്. താഴെ പറയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജിലുള്ള ഇളവുകൾ നൽകി വരുന്നു. 1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബമാണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ പകർപ്പോ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തീരുമാനത്തിന്റെ പകർപ്പോ ഹാജരാക്കേണ്ടതാണ്. വീടിന്റെ കണക്റ്റഡ് ലോഡ് 1000 വാട്ട്സോ അതിനു താഴെയോ ആണെന്നുള്ള ഉപഭോക്താവിന്റെ സ്വയം സാക്ഷ്യപ്പെടുത്തൽ. |

| | | | |
|---|---|---|---|
| (സി) | കണക്റ്റഡ് ലോഡിൽ പിന്നീട് വർദ്ധനവ് വരുത്തിയാൽ ഈ ആനുകൂല്യം നഷ്ടപ്പെടുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കണക്റ്റഡ് ലോഡിൽ വർദ്ധനവ് വരുത്തിയാൽ വൈദ്യുതി ചാർജ്ജിലുള്ള ആനുകൂല്യം നഷ്ടമാകും. |

സെക്ഷൻ ഓഫീസർ